**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **30-06-2022 - ൽ മറുപടിയ്ക്ക്**

**മലബാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലബാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസ കേന്ദ്രം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ, ചെമ്പനോട, കൂരാച്ചുണ്ട് റവന്യൂ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന മലബാർ വന്യജീവി സങ്കേതം 74.22 ച.കി.മീ വ്യാപിച്ചു കിടക്കുന്നു. ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.09.2020-ൽ കൂടിയ യോഗത്തിലെ തീരുമാനപ്രകാരം എല്ലാ ജനവാസമേഖലകളെയും ഒഴിവാക്കികൊണ്ടും ആകെ വിസ്തീർണ്ണം 42.815 ച.കി.മീ ആയി കുറച്ചുകൊണ്ടും പുതുക്കിയ പ്രൊപ്പോസൽ 13.10.2020-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ അന്തിമ വിജ്ഞാപനം ഇറങ്ങിയിട്ടില്ല. മലബാർ വന്യജീവി സങ്കേതത്തിന്റെ 1 കിലോ മീറ്റർ ചുറ്റളവിൽ ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കികൊണ്ടും ചെമ്പനോട, ചക്കിട്ടപ്പാറ കൂരാച്ചുണ്ട് എന്നീ വില്ലേജുകളിലെ കുറച്ച് ഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ടും, പേരാമ്പ്ര, ചെങ്ങരോത്ത്, കെടവൂർ എന്നീ വില്ലേജുകളെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുമാണ് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് |
| (ബി) | ഇതിനായി നിയമ നിർമ്മാണം പരിഗണനയിൽ ഉണ്ടോ? | (ബി) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയിൽ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോ മീറ്റർ പരിധിയിലുള്ള പ്രദേശങ്ങൾ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശമുണ്ട്. പ്രസ്തുത വിധിയിടെ അടിസ്ഥാനത്തിൽ വനം വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ